പോലീസ് ഇൻസ്പെക്ടർമാരും സബ് ഇൻസ്പെക്ടർമാരും.

* 1554. [14] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലുള്ള പോലീസ് ഇൻസ്പെക്ടർമാരുടെയും സബ് ഇൻസ്പെക്ടറന്മാരുടെയും ആകെ എണ്ണമെത്ര ; ഇതിൽ ഹരിജനങ്ങൾ എത്ര ; മുസ്ലീങ്ങൾ എത്ര ;

(ബി) ഈ ഗവണ്മെൻറ് അധികാരമേറ്റതിനുശേഷം, പോലീസ് വകുപ്പിൽനിന്നും പ്രമോഷൻ നൽകിയകൂട്ടത്തിൽ ഇൻസ്പെക്ടറായും, സബ് ഇൻസ്പെക്ടറായും വല്ല ഹരിജനവും ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ ;

(സി) ഹരിജനങ്ങളിൽനിന്നും വിദ്യാഭ്യാസയോഗ്യതയുള്ള ആളുകളെ തിരഞ്ഞെടുത്തു പരിശീലനം നൽകി പോലീസ് ഇൻസ്പെക്ടർമാരായും, സബ് ഇൻസ്പെക്ടർമാരായും നിയമിക്കുവാൻ ഗവണ്മെൻറ് ആലോചിക്കുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇൻസ്പെക്ടർമാർ 86, സബ് ഇൻസ്പെക്ടർമാർ 345. ഇതിൽ ഹരിജനങ്ങൾ, ഇൻസ്പെക്ടർ 2, മുസ്ലീങ്ങൾ 11, സബ് ഇൻസ്പെക്ടർ ഹരിജനങ്ങൾ 1, മുസ്ലീങ്ങൾ 19.

(ബി) ഇല്ല.

(സി) പോലീസ് ഇൻസ്പെക്ടർമാരെ, ഗവണ്മെൻറ് ഡയറക്ടായിട്ട് റിക്രൂട്ടു ചെയ്യാറില്ല. സബ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നത് പി. എസ്. സി. യാണ്. ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പിൽ നിലവിലുള്ള സംവരണ വ്യവസ്ഥ പാലിക്കാറുണ്ട്.

ശ്രീ. കെ. കുഞ്ഞമ്പു : ഇന്നു് ആകെയുള്ള ഇൻസ്പെക്ടർമാരുടെ എണ്ണം കണക്കാക്കി, അതിനനുസരണമായി ഹരിജനങ്ങൾക്കു കിട്ടേണ്ട വിതം അടുത്ത തിരഞ്ഞെടുപ്പോടുകൂടി കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : സബ് ഇൻസ്പെക്ടർമാരുടെ നിയമനം മാത്രമേ ഡയറക്ടായിട്ട് നടത്തുന്നുള്ളൂ. അതിൽ സംവരണതത്വം പാലിക്കുന്നുണ്ട്. പക്ഷേ, ഇന്നുള്ള നാനൂറപേരുടെ അനുപാതം അനുസരിച്ച് അടുത്തുണ്ടാകുന്ന ഒഴിവുകളിൽ ഹരിജനങ്ങളെ നിയമിക്കുക സാധ്യമല്ല. അടുത്ത ഒഴിവിൽ എത്രയുണ്ടോ, അതിൻറെ അനുപാതക്രമത്തിനുള്ളതു കിട്ടും. അടുത്ത വേക്കൻസി, ഇരുപതാണെങ്കിൽ, അതിൻറെ പത്തു ശതമാനമായ രണ്ടു കിട്ടും.

പ്രൈവറ്റ് സ്കൂളുകളിൽ പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ.

* 1555. [16] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ആക്ടിൻറെ വ്യവസ്ഥകൾ അനുസരിച്ച് പ്രൈവറ്റ് സ്കൂളുകളിൽ പുതിയ നിയമനം നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ, ബി) രൂപകം പാസ്സാക്കിക്കഴിഞ്ഞിട്ട്, അതുസംബന്ധിച്ചുള്ള ക്ലാസുകൾ നോട്ടിഫൈ ചെയ്തതിനുശേഷമേ ആക്ട് നടപ്പിലാക്കുകയുള്ളൂ.

ശ്രീ. ടി. എ. തോമ്മൻ : എന്നത്തേക്കു നടപ്പിലാക്കും ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉടനെതന്നെ.

ശ്രീ. ടി എ തോമ്മൻ : ഉദ്ദേശം എത്രകാലത്തിനകം എന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മണിക്കൂർ വച്ചുള്ള കണക്കു പറയാൻ നിവൃത്തിയില്ല. സാധാരണഗതിയിൽ ഇതിന്റെ അർത്ഥം മനസ്സിലാകുമെന്നു വിചാരിക്കുന്നു—ഉടനെതന്നെ എന്നു പറഞ്ഞാൽ.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : പ്രൈവറ്റ് സ്കൂളുകളിൽ നാൻ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതു് ആരാണു് ; അതിനെ സംബന്ധിച്ചു വല്ല രൂപവും ഉണ്ടാക്കീട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ അതിനു പ്രത്യേകം രൂപം ഉണ്ടാക്കി നടപ്പിൽ വരുത്തും.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : അതിനുവേണ്ടി രൂപം ഉണ്ടാക്കീട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉണ്ടാക്കും.

ശ്രീ പി. ടി. ചാക്കോ : ആക്ട് ഉടൻതന്നെ നോട്ടിഫൈചെയ്താൽ, ഈ കൊല്ലം തന്നെ പ്രൈവറ്റ് സ്കൂളുകളിൽ നിയമനം നടത്താൻ, ഈ ആക്ടും രൂപവും അനുസരിച്ച് നിയമനം നടത്താൻ സാധിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആ കാര്യം എന്നെക്കാൾ നിയമജ്ഞനായ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനു് അറിയാവുന്നതാണല്ലോ.

ശ്രീ. പി. ടി. ചാക്കോ : ഈ കൊല്ലത്തെ നിയമനം നടത്തുന്നതിനു് ഏതെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; ഈ കൊല്ലംതന്നെ അതു് അങ്ങനെ അനുസരിച്ചു നടത്തണമെന്നു ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനുള്ള ചട്ടംകെട്ടലുകൾ ചെയ്തുകഴിഞ്ഞിട്ടില്ല. അതിനുശേഷമേ നടപ്പിലാക്കാൻ സാധിക്കൂ.

ശ്രീ. പി. ടി. ചാക്കോ : ഈ കൊല്ലം പ്രൈവറ്റ് സ്കൂളുകളിലെ നിയമനങ്ങൾ, ആക്ടിലേയും, രൂപത്തിലേയും വ്യവസ്ഥയനുസരിച്ചു നടത്താൻ ശ്രമിക്കുമെന്നുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു നോട്ടിഫൈ ചെയ്തതിനു ശേഷമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. പി. ടി. ചാക്കോ : ഈ കൊല്ലം പ്രൈവറ്റ് സ്കൂളുകളിലെ നിയമനങ്ങൾ പഴയരീതിയിൽ മാനേജർമാർ തന്നെ നടത്താമെന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആക്ടിലെ വ്യവസ്ഥകളും നോട്ടിഫൈ ചെയ്തതിനു ശേഷം അതനുസരിച്ചു ചെയ്യണം.

ശ്രീ. പി. ടി. ചാക്കോ : ഈ വർഷം, പ്രൈവറ്റ് സ്കൂളുകളിൽ അധ്യാപകരുടെ നിയമനം, ആക്ടിലെയും രൂപത്തിലേയും വ്യവസ്ഥയനുസരിച്ച് നടത്തുന്നതിനു് ശ്രമമെന്ന വേണ്ട നടപടിയെടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : 11-ാം വകുപ്പും രൂപവും നോട്ടിഫൈ ചെയ്തതിനുശേഷമേ ഇതു പ്രായോഗത്തിൽ വരുത്താൻ സാധിക്കുകയുള്ളൂ എന്നു മറുപടി പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : സർ, എനിക്ക് സ്പെസിഫിക്കായിട്ടുള്ള ഉത്തരം കിട്ടണം. ഈ കൊല്ലത്തെ അദ്ധ്യാപകരുടെ നിയമനം ഇതിലെ വ്യവസ്ഥയനുസരിച്ചാണോ, പഴയ രീതിയിലാണോ നടത്തുന്നത് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ, ചെയ്യാൻ സാധിക്കുന്നതു ചെയ്യും. ചെയ്യാൻ സാധിക്കുകയില്ലെങ്കിൽ ഇക്കൊല്ലം സാധിക്കുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നോട്ടിഫിക്കേഷൻ ഉടൻതന്നെ പബ്ലിഷ് ചെയ്യുമെന്നു പറഞ്ഞു. എപ്പോൾ പബ്ലിഷ് ചെയ്യുമെന്നു ചോദിച്ചപ്പോൾ, മണിക്കൂർ പറയാൻ സാധ്യമല്ലെന്നു പറഞ്ഞു. സ്കൂളുകൾ തുറക്കാൻ സമയമായിരിക്കുന്ന ഈയവസരത്തിൽ, ഈ അക്കാദമിക് റൂൾ അനുസരിച്ചുള്ള അദ്ധ്യാപകനിയമനം നടത്തുമോ, അതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ, എന്നാണു ചോദിച്ചതു്. അതിനു വ്യക്തമായ മറുപടി കിട്ടണം. ഇനി എന്നാണു നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതു്. ഇന്നു് മേയ് 25 ആയി. ഇനി ഒന്നരരണ്ടാഴ്ചയ്ക്കകം ഇതിനുവേണ്ട നടപടികൾ എല്ലാം പൂർത്തിയാക്കാൻ സാധിക്കുമോ ? ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ പറഞ്ഞ മറുപടിയൊന്നും ഇതിനു ശരിയായ ഉത്തരമല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അയ്യോ, ആറോ ദിവസത്തിനകം ലിസ്റ്റിന്റെ പ്രസിദ്ധപ്പെടുത്തിയാൽ ഇതു സാധിക്കും.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അയ്യോ ആറോ ദിവസത്തിനകം ലിസ്റ്റിന്റെ പ്രസിദ്ധപ്പെടുത്താൻ സാധിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇതിനെല്ലാം സ്വാഭാവികമായിട്ട് എന്തെല്ലാം നടപടികൾ ഉണ്ടെന്നും, അതു് എത്രത്തോളം സാധിക്കുമെന്നും ബഹുമാനപ്പെട്ട മെമ്പർമാർക്കും അറിയാവുന്നതാണു്. 11-ാമത്തെ വകുപ്പും റൂൾസും നോട്ടിഫൈ ചെയ്യണം ; പി. എസ്. സി. ലിസ്റ്റിന്റെ തയ്യാറാക്കണം ; ഇങ്ങനെ പല നടപടികളും കഴിഞ്ഞിട്ടേ നിയമനം നടത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഇവിടെ പലപ്രാവശ്യം ഒരേ ചോദ്യം ചോദിച്ചതിനു് ബഹുമാനപ്പെട്ട മന്ത്രി ഒരേ മറുപടി തന്നെയാണു് പറഞ്ഞതു്. ഇതിൽനിന്നും കൂടുതലായി ഈ ചോദ്യത്തിനു് ഒരു മറുപടി പറയാൻ സാധ്യമല്ലെന്നു മനസ്സിലായി. വീണ്ടും ഇതിനെപ്പറ്റി ചോദ്യം ചോദിക്കണമെന്നുണ്ടോ ?

Sir, on a point of order. Is it permissible to put the same question a number of times and for the Minister to give the same answer?

Mr. Speaker : It is not at all allowable to put the same question a number of times when the same answer is being repeated by the Minister.

ശ്രീ. പി. ടി. ചാക്കോ : മേയ് 31-ാംതീയതി ലിസ്റ്റിന്റെ പബ്ലിഷ് ചെയ്യണമെന്നാണു് റൂൾ അനുസരിച്ചുള്ള വ്യവസ്ഥ. ഈയവസരത്തിൽ, മേയ് 31-ാംതീയതിക്കു മുൻപു് ലിസ്റ്റിന്റെ പബ്ലിഷ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിനു് ഉദ്യോഗസ്ഥന്മാർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൊടുത്തുകഴിഞ്ഞിട്ടില്ല; നോട്ടിഫൈ ചെയ്തതിനുശേഷമേ അങ്ങനെ ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ടി. ചാക്കോ : നോട്ടിഫിക്കേഷൻ ഇല്ലാതെതന്നെ അക്കാദമിക് റൂൾ അനുസരിച്ചുള്ള ചില നിർദ്ദേശങ്ങൾ, ചില ഉദ്യോഗസ്ഥന്മാർക്കു കൊടുത്തിട്ടും നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യാൻ ഇത്ര കാലതാമസം വരുത്തുന്നതു് എന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: നോട്ടിഫിക്കേഷൻ അനുസരിച്ചും, അതിലെ വ്യവസ്ഥകളും അനുസരിച്ചുമുള്ള സൗജന്യീകരണങ്ങളും ചെയ്തതിനു ശേഷമാണ് ഡിപ്പാർട്ടുമെന്റിനു് നിർദ്ദേശം കൊടുക്കേണ്ടതു്. മറുപടിയിൽ നിർദ്ദേശം ഒന്നും കൊടുത്തിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ: 31-ാംതീയതി ലിസ്റ്റു തയ്യാറാക്കി പരസ്യപ്പെടുത്തണമെന്നുള്ളപ്പോൾ, അതു് പാസ്സായിക്കഴിഞ്ഞിട്ടും നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്താൻ മടിക്കുന്നതെന്തുകൊണ്ടാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ വലിയ ആവേശം നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ കാണിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. എന്തായാലും, ഈ ആക്ടിന്റെ പാസ്സായി രാഷ്ട്രപതിയുടെ അനുമതി ലഭിച്ചുകഴിഞ്ഞാൽ, റൂളുകളും അവതരിപ്പിച്ചതിനു ശേഷം നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തണമെന്നുദ്ദേശിക്കുന്നുണ്ടു്. നടപ്പിലാക്കാതിരിക്കണമെന്നുദ്ദേശമില്ല.

ശ്രീ. പി. ടി. ചാക്കോ: ഇക്കൊല്ലം ഇതനുസരിച്ചു് നിയമനം നടക്കേണ്ടതുണ്ടോ എന്നു് ഗവണ്മെന്റിനുദ്ദേശമുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: യാതൊരു ഉദ്ദേശവുമില്ല. ഈ ആക്ടിലെ വ്യവസ്ഥകളും നോട്ടിഫൈ ചെയ്തിട്ടു് എപ്പോൾ ചെയ്യാൻ കഴിയുമോ അപ്പോൾ ചെയ്യാൻ ഗവണ്മെന്റു പ്രതിജ്ഞാബദ്ധമാണു്.

ശ്രീ. പി. ടി. ചാക്കോ: ഈ ആക്ടനുസരിച്ചു് നിയമനം നടത്താതിരിക്കാൻ വേണ്ടി വളരെ മാസങ്ങളായിട്ടും ആക്ടു് നോട്ടിഫൈ ചെയ്യാതിരിക്കയാണെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതു് ഊഹാപോഹങ്ങൾക്കു് ഞാനിപ്പോൾ മറുപടി പറയുന്നില്ല.

പോലീസിന്റെ യൂണിഫാം പരിഷ്കരണം.

* 1556. [17] ശ്രീ സി. കെ. നാരായണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ യൂണിഫാം പരിഷ്കരിക്കുന്നതിനായി ഗവണ്മെന്റു് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിറ്റി വല്ല റിപ്പോർട്ടും ഗവണ്മെന്റിലേക്കു് സമർപ്പിച്ചിട്ടുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇതിനിടെ രൂപീകരിച്ച പോലീസ് പരിഷ്കരണ കമ്മിറ്റിയോടു പോലീസ് വകുപ്പു സംബന്ധിച്ച പല കാര്യങ്ങളും പരിശോധിച്ചു് ഗവണ്മെന്റിലേക്കു ശുപാർശ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. ആ കൂട്ടത്തിൽ പോലീസ് യൂണിഫാമും പെടും. അതിനകം താൽക്കാലികമായി ഒരു പുതിയ രീതിയിലുള്ള ഷർട്ടു് അംഗീകരിച്ചിട്ടുണ്ടു്. അതിന്റെ വിതരണത്തിനു വേണ്ട ഏർപ്പാടുകളും ചെയ്തുവരികയാണു്.

(ബി) കമ്മിറ്റി റിപ്പോർട്ടു കിട്ടിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly